# കേരളാ സ്റ്റേറ്റ് കോ - ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ,
തിരുവനന്തപുരം-695014, ഫോൺ-0471-2333300
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - keralastatecewb@gmail.com

No : WB/G/703/2026 തീയതി : 10/06/2026

## സർക്കുലർ നമ്പർ : 02/2026

വിഷയം : കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്- അംഗങ്ങളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡുകൾക്കും, സേവനത്തിലിരിക്കവെ മരണമടയുന്ന സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനും അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്:-

സൂചന : 1) 22-02-2024 തീയതിയിലെ ജി.ഒ(ആർ.ടി)/121/2024(സഹകരണം)നമ്പർ സർക്കാർ ഉത്തരവ്.
2) 22-11-2024 തീയതിയിലെ ജി.ഒ.(ആർ.ടി)560/2024(സഹകരണം)നമ്പർ സർക്കാർ ഉത്തരവ്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗമായി കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുവരുന്ന സഹകരണസംഘം ജീവനക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും മക്കൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ/സ്കൂൾ കലോത്സവം/സ്പോർട്സ് ക്യാഷ് അവാർഡുകൾക്കും സേവനത്തിലിരിക്കവെ മരണമടയുന്ന ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് സ്കോളർഷിപ്പിനും അപേക്ഷകൾ ക്ഷണിക്കുന്നു.

## ക്യാഷ് അവാർഡ്

2025-26 അദ്ധ്യയന വർഷത്തിൽ ചുവടെ പറയുന്ന വിവിധ കോഴ്സുകളിൽ ഉയർന്ന മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവർക്കും സംസ്ഥാന സ്കൂൾ കലോത്സവം, സ്പോർട്സ്/ഗെയിംസ് മത്സരങ്ങൾ എന്നിവയിൽ ദേശീയ/സംസ്ഥാന തലത്തിൽ വിജയികളായവർക്കുമുള്ള ക്യാഷ് അവാർഡുകൾക്ക് 31-07-2026 തീയതിവരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അവസാന തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപേക്ഷകൾ (അനക്സർ IX) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ൽ കുറയാത്ത തസ്തികയിലുള്ള ഓഫീസറും ഇതര വകുപ്പുകളിലെ സഹകരണസംഘം ജീവനക്കാരുടെ അപേക്ഷകൾ അതാത് വകുപ്പുകളുടെ താലൂക്ക്/ജില്ലാ തലത്തിൽ കുറയാത്ത ഓഫീസറുമാണ് മേലൊപ്പ് (Countersign) വയ്ക്കേണ്ടത്. ബോർഡിൽ അംഗങ്ങളല്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപേക്ഷകൾ ക്യാഷ് അവാർഡിന് പരിഗണിക്കുകയില്ല. അപേക്ഷാഫാറത്തിനും, വിശദവിവരങ്ങൾക്കും തിരുവനന്തപുരത്തെ ഹെഡ് ഓഫീസ്, ബോർഡിന്റെ മറ്റ് റീജിയണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

## ക്യാഷ് അവാർഡിന് പരിഗണിക്കുന്ന ഇനങ്ങൾ

### I. വിദ്യാഭ്യാസം

| കോഴ്സുകൾ | ക്യാഷ് അവാർഡിനുള്ള അർഹത | അവാർഡ് തുക | നിബന്ധനകൾ |
|---|---|---|---|
| 10th Std./THSLC<br>Plus-2/VHSE | എല്ലാ വിഷയങ്ങൾക്കും<br>A+/Grade1/A1 ഗ്രേഡ് ലഭിച്ചവർക്ക് | 10000 | സംസ്ഥാന സർക്കാർ സിലബസിലും മറ്റ് കേന്ദ്ര സർക്കാർ സിലബസിലും പഠിച്ച വിദ്യാർത്ഥികൾക്ക്<br>(State, CBSE, ICSE, ISC) |
| HDC & BM<br>JDC<br>സഹകരണം ഐച്ഛിക വിഷയമായി പഠിച്ച ബിരുദം, ബിരുദാനന്തര ബിരുദം | സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം<br>സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം<br>സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനം | 10000<br>7000<br>5000 | സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് മാത്രം |
| MBBS<br>BDS<br>BAMS<br>BHMS<br>BVSc<br>എന്നീ കോഴ്സുകൾക്കും അവയുടെ ബിരുദാനന്തര ബിരുദത്തിനും | സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം | 25000 | ഓരോ കോഴ്സിലും സംസ്ഥാന തലത്തിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ ഒരാൾക്ക് മാത്രം. 2025 ഏപ്രിൽ മാസത്തിനും 2026 മാർച്ച് മാസത്തിനുമിടയിൽ അവസാന വർഷ പരീക്ഷ വിജയിച്ചവരുടെ അപേക്ഷകളാണ്2025-26 അദ്ധ്യയന വർഷത്തെ ക്യാഷ് അവാർഡിന് സമർപ്പിക്കേണ്ടത്. ഇന്ത്യയിലെ ഏതെങ്കിലും സർവ്വകലാശാല/വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ച വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ഒരു കോഴ്സിലെ വിവിധ ശാഖകളിൽ പഠിച്ചവരെ പ്രത്യേകം പരിഗണിക്കുകയില്ല. |
| B. Tech<br>M. Tech<br>B.Sc –Nursing<br>M.Sc –Nursing | സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം | 15000 | |
| എല്ലാ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കും | സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം | 10000 | |

## II. കലോത്സവം

| | | | |
|---|---|---|---|
| സംസ്ഥാന സ്കൂൾ കലോത്സവം/ കേന്ദ്ര ബോർഡുകൾ (CBSE,ICSE/ISC) സംസ്ഥാനതല കലോത്സവം | സെക്കന്ററി/ഹയർസെക്കന്ററി തലത്തിലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'A' ഗ്രേഡ് | 5000 | പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്കൂൾ കലോത്സവത്തിൽ 'A' ഗ്രേഡ് ലഭിച്ചവർ/ കേന്ദ്ര ബോർഡുകൾ (CBSE,ICSE/ ISC) നടത്തുന്ന സംസ്ഥാനതല കലോത്സവത്തിൽ 'A' ഗ്രേഡ് ലഭിച്ചവർ. ഒന്നിലധികം ഇനങ്ങളിൽ 'A' ഗ്രേഡ് ലഭിച്ചവർക്കും ഒരു ക്യാഷ് അവാർഡ് മാത്രം. |

## III. സ്പോർട്സ്/ഗെയിംസ്

| | | | |
|---|---|---|---|
| സ്കൂൾ/കോളേജ് തല സ്പോർട്സ്/ഗെയിംസ് മത്സരം | <u>സ്കൂൾ വിഭാഗം -</u><br>സംസ്ഥാനതല മത്സരത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾക്കും, ദേശീയതല മത്സരത്തിൽ പങ്കെടുത്തവർക്കും<br><br><u>കോളേജ് വിഭാഗം-</u><br>അന്തർസർവ്വകലാശാല മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് | 5000 | സ്പോർട്സ്/ഗെയിംസ് മത്സരങ്ങളിൽ ഒന്നിലധികം ഇനങ്ങളിൽ വിജയികളായവർക്ക് ഒരു ക്യാഷ് അവാർഡ് മാത്രം. സ്കൂൾ തലത്തിലും സർവ്വകലാശാല തലത്തിലും വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്പോർട്സ് /ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് മാത്രം. <u>ഫെഡറേഷൻ/ അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന മത്സരങ്ങൾ പരിഗണിക്കുകയില്ല.</u> |

### ക്യാഷ് അവാർഡിനായി സമർപ്പിക്കേണ്ട രേഖകൾ

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ (അനക്സർ- IX).
2. വിദ്യാർത്ഥി പഠിച്ച സ്കൂൾ/കോളേജിലെ ഹെഡ് മാസ്റ്റർ/പ്രിൻസിപ്പൽ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഗ്രേഡ്/മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപ്പകർപ്പ്.
3. ജീവനക്കാരനും, വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (ജനന സർട്ടിഫിക്കറ്റ്/എസ്.എസ്.എൽ.സി./റേഷൻ കാർഡ്)
4. ഗ്രേഡിംഗ് സമ്പ്രദായത്തിൽ പരീക്ഷ വിജയിച്ച ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർത്ഥികളുടെ സർവ്വകലാശാല/വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും ലഭിച്ച ഗ്രേഡ് പോയിന്റിന്റെ ശതമാനം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.
5. സംഘം/ബാങ്ക്/സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ഉപരിപത്രം (Covering letter)

<u>31-03-2026 ന് മുൻപ് ബോർഡിൽനിന്നും അംഗത്വം എടുത്തിട്ടുള്ള ജീവനക്കാരുടെ മക്കൾക്ക് മാത്രമേ ക്യാഷ് അവാർഡിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.</u>

## സ്കോളർഷിപ്പ്

**സേവനത്തിലിരിക്കവെ മരണമടയുന്ന ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് അവരുടെ 18 വയസ്സ് പൂർത്തിയാകുന്നതുവരെയുള്ള വിദ്യാഭ്യാസത്തിന് ഒരു നിശ്ചിത തുക വാർഷിക സ്കോളർഷിപ്പ് നൽകുന്നതിന് സൂചന(2) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.**

1. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടങ്ങളിൽ വാർഷിക സ്കോളർഷിപ്പ് സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയ 22/02/2024 തീയതി മുതൽ സേവനത്തിലിരിക്കെ മരണമടഞ്ഞിട്ടുള്ള ബോർഡിൽ അംഗങ്ങളായിരുന്ന ജീവനക്കാരുടെ നിയമാനുസൃതമുള്ള അവകാശികളാണ് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

2. ബോർഡിന്റെ ചട്ടം 19(a) പ്രകാരം ഓപ്ഷൻ സമർപ്പിച്ച് അംഗത്വം നേടി സേവനത്തിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ചട്ടം 26(a) പ്രകാരം മരണാനന്തര ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ള ജീവനക്കാരുടെ 18 വയസ്സിൽ താഴെ പ്രായമുള്ള മക്കളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3. ബോർഡിലേക്ക് അടവാക്കേണ്ടുന്ന ജീവനക്കാരുടെ വിഹിതമോ സംഘം/സ്ഥാപനത്തിന്റെ വിഹിതമോ അതോ രണ്ടും കൂടിയോ കുടിശ്ശിക വരുത്തിയിട്ടുള്ള ജീവനക്കാരൻ ജോലിയിലിരിക്കെ മരണപ്പെട്ടാൽ മക്കൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.

4. അക്കാഡമിക് വർഷം ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും തുടർന്ന് ജൂൺ മാസം 1 ന് ആരംഭിക്കുന്ന അക്കാഡമിക് വർഷം കണക്കാക്കി മക്കൾക്ക് 18 വയസ്സ് പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അതാത് വർഷം അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ സ്കോളഷിപ്പിന് പരിഗണിക്കുകയുള്ളൂ. അക്കാഡമിക് വർഷം കണക്കാക്കി വാർഷിക അടിസ്ഥാനത്തിൽ ഒറ്റതവണ എന്ന രീതിയിൽആയിരിക്കും സ്കോളർഷിപ്പ് അനുവദിക്കുന്നത്.

5. സർവീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരന്റെ മകൻ/മകൾക്ക് പതിനെട്ട് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് സ്കോളർഷിപ്പിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. അക്കാഡമിക് വർഷം ആരംഭിക്കുന്ന ജൂൺ 1 അടിസ്ഥാനമാക്കി ആയിരിക്കും അർഹത തീരുമാനിക്കുന്നത്.

6. സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരൻ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗമാകുന്ന സമയത്ത് സമർപ്പിച്ചിരുന്ന ഓപ്ഷൻ/ നോമിനേഷനിലെ നോമിനി/ഭാര്യ/ഭർത്താവ്/നിയമാനുസൃത അവകാശിയാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

7. നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷയോടൊപ്പം (അനക്സർ XI) മകൻ/മകൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിലെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പാൾ നൽകിയ നിശ്ചിത മാതൃകയിൽ ഉള്ള സർട്ടിഫിക്കറ്റ് സഹിതം മരണമടഞ്ഞ ജീവനക്കാരൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

8. അപ്രകാരം ലഭിച്ച അപേക്ഷ പരിശോധിച്ച് സ്കോളർഷിപ്പിന് അർഹതയുള്ളപക്ഷം ആവശ്യമായരേഖകളോടെ ഭരണസമിതി തീരുമാനം സഹിതം സഹകരണ സംഘം/സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിലേക്ക് ശുപാർശ ചെയ്ത് സമർപ്പിക്കേണ്ടതാണ്.

9. അനക്സർ XI മാതൃകയിലുള്ള അപേക്ഷയിൽ സഹകരണ സംഘം/സ്ഥാപനത്തിന്റെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ഭരണസമിതി പ്രസിഡന്റ്/ചെയർമാൻ എന്നിവർ ഒപ്പ് വയ്ക്കേണ്ടതും ഭരണ വിഭാഗം താലൂക്ക് തല ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യേണ്ടതുമാണ്. അപ്പക്സ് സഹകരണ സംഘങ്ങളിൽ നിന്നുള്ള അപേക്ഷകൾ ടി സ്ഥാപനത്തിലെ കൺകറന്റ് ആഡിറ്ററും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന സഹകരണ ബാങ്കുകളിൽനിന്നുള്ള അപേക്ഷകൾ വാല്യേുഷൻ ആഫീസർ/അസിസ്റ്റന്റ് രജിസ്ട്രാറും ഒപ്പ് വച്ചാൽ മതിയാകും.

10. ഇന്ത്യയിൽ എവിടേയും സംസ്ഥാന/സെൻട്രൽ സിലബസുകളിൽ ഒരു അക്കാഡമിക് വർഷത്തിൽ ഏഴാം ക്ലാസ് വരെയുള്ള പഠനത്തിന് 1,500/-(ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള പഠനത്തിന് 2,500/-(രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം)രൂപയും പ്ലസ് ടു/ഐ.ടി.ഐ/പോളി ടെക്നിക്ക് പഠനത്തിന് 3,500/-(മുവ്വായിരത്തി അഞ്ഞൂറ് രൂപ മാത്രം)രൂപയും ഇന്ത്യയിലെ ഏതെങ്കിലും അംഗീകൃത സർവകലാശാലകളിലെ റെഗുലർ ആയിട്ടുള്ള പ്രൊഫഷണൽ ഡിഗ്രി ഉൾപ്പെടെയുള്ള ഏത് ബിരുദ പഠനത്തിനും 5,000/-(അയ്യായിരം രൂപ മാത്രം)രൂപയും സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്

**<u>സ്കോളർഷിപ്പിനായി സമർപ്പിക്കേണ്ട രേഖകൾ</u>**

(എ) അനക്സർ XI മാതൃകയിലുളള അപേക്ഷ

(ബി) ഭരണസമിതി തീരുമാനം

(സി) ജീവനക്കാരന്റെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

(ഡി) റവന്യൂ അധികാരികളിൽ നിന്നുള്ള ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്

(ഇ) വിദ്യാർത്ഥിയുടെ ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

(എഫ്) ബോർഡിൽനിന്നും മരണാനന്തര ധനസഹായം അനുവദിച്ചത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ്/അനുവദിക്കാത്ത പക്ഷം ആയത് സംബന്ധിച്ച സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ വിശദീകരണം.

**<u>അപേക്ഷകൾ നേരിട്ടോ, തപാൽ മുഖേനയോ ലഭിക്കേണ്ട അവസാന തീയതി 31-07-2026</u>**

**<u>അപേക്ഷകൾ അയക്കേണ്ട വിലാസം :</u>**

**അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ**
**കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്**
**പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ**
**തൈക്കാട്.പി.ഒ, തിരുവനന്തപുരം-695 014, ഫോൺ-0471-2333300.**

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ

**<u>ബന്ധപ്പെടേണ്ട നമ്പർ</u>**

| | |
|---|---|
| **സീനിയർ സൂപ്രണ്ട് (ഹെഡ് ഓഫീസ്)** | **- 9995506280** |
| **റീജിയണൽ മാനേജർ, തിരുവനന്തപുരം റീജിയണൽ ഓഫീസ്** | **- 9074408972** |
| **റീജിയണൽ മാനേജർ എറണാകുളം റീജിയണൽ ഓഫീസ്** | **- 9633292350** |
| **റീജിയണൽ മാനേജർ തൃശൂർ റീജിയണൽ ഓഫീസ്** | **- 9846711415** |
| **റീജിയണൽ മാനേജർ കണ്ണൂർ റീജിയണൽ ഓഫീസ്** | **- 9947205612** |

**ഉള്ളടക്കം - 1) ക്യാഷ് അവാർഡ് അപേക്ഷാഫാറത്തിന്റെ മാതൃക -(അനക്സർ- IX)**
**2) സ്കോളർഷിപ്പ് അപേക്ഷാഫാറത്തിന്റെ മാതൃക (അനക്സർ XI)**

പകർപ്പുകൾ :

1) സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2) സഹകരണ സംഘം ആഡിറ്റ് ഡയറക്ടർ ( ,, )
3) ഡയറക്ടർ, കയർ വികസന പ്രോജക്ട് ( ,, )
4) ഡയറക്ടർ, ക്ഷീര വികസന വകുപ്പ് ( ,, )
5) ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ് ( ,, )
6) ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ് ( ,, )
7) ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ( ,, )
8) സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ( ,, )
9) റീജിയണൽ മാനേജർ, KSCEWB, റീജിയണൽ ഓഫീസ് കണ്ണൂർ, തൃശൂർ, എറണാകുളം, തിരുവനന്തപുരം ( ,, )
10) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
11) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
12) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
13) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
14) എല്ലാ കയർ വികസന പ്രോജക്ട് ഓഫീസർമാർക്കും
15) എല്ലാ ക്ഷീരവികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
16) എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
17) എല്ലാ ഫിഷറീസ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
18) മാനേജിംഗ് ഡയറക്ടർ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, തിരുവനന്തപുരം.
19) എല്ലാ മിൽമാ മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർമാർക്കും
20) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബാങ്ക്
21) സഹകരണ സംഘം ജീവനക്കാരുടെ സംഘടനകൾ
22) പത്ര/ദൃശ്യമാധ്യമങ്ങൾക്കും , സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
23) സ്റ്റോക്ക് ഫയൽ.

ANNEXURE - IX

# KERALA STATE CO-OPERATIVE EMPLOYEES WELFARE BOARD

## APPLICATION FOR CASH AWARDS TO THE CHILDREN OF MEMBERS

**[Please use capital letter only and put ✓ mark in the appropriate box]**

**1 Particulars of applicant (member) & his/her Child**

| | | | |
|---|---|---|---|
| Name of Employee | | | Code No : |
| Postal Address | | | |
| | | | Pin Code : |
| Tel No.: ............................ Mob:...................................... Email. ID : | | | |
| Full Name of Child | | | |
| Date of Birth of Child | _____/_____/________ | Gender of Child | ☐ Male ☐ Female ☐ TG |

**2 Particulars of Employer Co-operative Institution**

| | | |
|---|---|---|
| Name of Co-op.Institution | | Code No. |
| Postal Address : | | |
| | | Pin Code : |
| Tel No.: ............................ Mob:...................................... Email. ID : | | |

**3 Particulars of Welfare Board Contribution :**

| | |
|---|---|
| Total amount of Welfare Board Contribution remitted by the employee & employer till the month of March of the current year | Rs. : |

**4 Merit item Category & Particulars :**

(Separate application to be used for each category. In case of more than one achievement in category B or C, only one award allowed under that category)

| | Category | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | Name of Examination | | | | | | | |
| A. | ☐ Academic Merit | Rank / Grade/ Marks & % of Score | Rank / Grade | | Marks Scored | | Gross Mark | | % |
| | | Month & Year of Final Exam | | | Register Number | | | | |
| | | School /College Attended | | | | | | | |
| | | Certificate Issuing Body | | | | | | | |
| B. | ☐ State School Kalolsavam | Name of Item Performed | | | | | | | |
| | | Grade Awarded | | | | | | | |
| | | Class/ Course of Study | | | Academic Year | | | | |
| | | School/ College Attended | | | | | | | |
| C. | ☐ Sports & Games | Name of Event Participated | | | | | | | |
| | | Class/ Course of Study | | | Academic Year | | | | |
| | | Name of School / College | | | | | | | |
| | | Participation Level & Place / Score Obtained | School Level | | | | College Level | | |
| | | | ☐ State | ☐ National | | | ☐ Inter-University Meet | | |
| | | | ☐ 1st ☐ 2nd | ☐ Participated | | | ☐1st ☐2nd ☐3rd | | |
| | | Name of Meet / Competition | | | | | | | |
| | | Name of Certifying Body | | | | | | | |

I ........................................................................................................................ do hereby affirm that the particulars furnished above in support of the cash award merit claim, are true and correct to the best of my knowledge and belief.

Place : ............................

Date : ............................

Signature of the Applicant Employee

| | | |
|---|---|---|
| **Recommended by**<br>President of Co-operative Institution | Name & Dated Signature | Official Seal |
| **Countersigned by**<br>Head of Department / District / Taluk Level Officer of the Concerned Administrative Department of Government. | Name & Dated Signature | Official Seal |

# ANNEXURE -XI

## KERALA STATE CO-OPERATIVE EMPLOYEES WELFARE BOARD

## സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കളുടെ സ്കോളർഷിപ്പിനുള്ള അപേക്ഷ (ചട്ടം 26(5))

1. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥിയുടെ പേര് :
2. വെൽഫെയർ ബോർഡിൽ അംഗമായിരിക്കെ മരണമടഞ്ഞ സംഘം ജീവനക്കാരന്റെ പേര് :
3. ജീവനക്കാരന്റെ വെൽഫെയർ ബോർഡിലെ കോഡ് നമ്പർ :
4. മരണമടഞ്ഞ ജീവനക്കാരൻ ജോലി ചെയ്തിരുന്ന സംഘത്തിന്റെ പേര്, മേൽവിലാസം, ഫോൺ/ മൊബൈൽ നമ്പർ :
5. സംഘത്തിന്റെ വെൽഫെയർ ബോർഡിലെ കോഡ് നമ്പർ :
6. വിദ്യാർത്ഥിയുടെ ജനന തീയതി :
7. വിദ്യാർത്ഥി നിലവിൽ പഠിക്കുന്ന കോഴ്സ് :
8. വിദ്യാർത്ഥി നിലവിൽ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം :
9. മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതർക്ക് വെൽഫെയർ ബോർഡിൽനിന്നും മരണാനന്തര ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം :
10. മരണാനന്തര ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം. :
11. വിദ്യാർത്ഥിയുടെ രക്ഷിതാവിന്റെ പേര് :
12. പൂർണ്ണമായ മേൽവിലാസം :
13. രക്ഷിതാവുമായുള്ള വിദ്യാർത്ഥിയുടെ ബന്ധം :
14. രക്ഷിതാവിന്റെ ഫോൺ/ മൊബൈൽ നമ്പർ :

സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പിനായി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടം 26(5) പ്രകാരം സമർപ്പിക്കുന്ന അപേക്ഷയിലെ മുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം :

തീയതി :

രക്ഷിതാവിന്റെ പേരും ഒപ്പും

## ബാങ്ക്/സംഘം/സഹകരണ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം

........................................................................................................................................ സംഘത്തിലെ ശ്രീ/ശ്രീമതി. ........................................................................ (ജീവനക്കാരന്റെ പേര്) ഈ സഹകരണ സ്ഥാപനത്തിൽ സേവനത്തിലിരിക്കെ ......................... തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണെന്നും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ചട്ടം 26(5) പ്രകാരം സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കളുടെ പതിനെട്ട് വയസുവരെയുള്ള വിദ്യാഭ്യാസത്തിന് നൽകുന്ന സ്കോളർഷിപ്പിനായി ........................................................................................... (വിദ്യാർത്ഥിയുടെ പേര്) സമർപ്പിക്കുന്ന അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ബോർഡിന്റെ ഉപനിബന്ധനകൾ പ്രകാരമുള്ള സ്കോളർഷിപ്പ് അനുവദിച്ച് നൽകാവുന്നതാണെന്നും ശുപാർശ ചെയ്ത് കൊള്ളുന്നു.

| | | | |
|---|---|---|---|
| സ്ഥലം : | | പ്രസിഡന്റ് | ചീഫ് എക്സിക്യൂട്ടീവ് |
| തീയതി : | (ആഫീസ് സീൽ) | (പേരും ഒപ്പും) | (പേരും ഒപ്പും) |

---

## വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം

സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ മക്കൾക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽനിന്നും നൽകുന്ന സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന ശ്രീ/ശ്രീമതി.........................................................................(മരണപ്പെട്ട ജീവനക്കാരന്റെ പേര്)യുടെ മകൻ/മകൾ ...................................................................(വിദ്യാർത്ഥിയുടെ പേര്) ................................................................ ......................................................................................(വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്)ൽ ............................. ക്ലാസ്/കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയാണെന്ന് സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം :
തീയതി : (ആഫീസ് സീൽ)

സ്കൂൾ/കോളേജ് മേലധികാരിയുടെ
ഒപ്പ്, പേര്, തസ്തിക

---

## ഭരണ വകുപ്പിന്റെ സാക്ഷ്യപത്രം

ശ്രീ/ശ്രീമതി...........................................................................(ജീവനക്കാരന്റെ പേര്)................................................ ............................................................................................................................................... (സംഘം/ സ്ഥാപനത്തിന്റെ പേര്) ജീവനക്കാരൻ/ജീവനക്കാരി ആയി സേവനത്തിലിരിക്കെ മരണപ്പെട്ടിട്ടുള്ളതാണെന്നും ടിയാളുടെ മകൻ/മകൾ ..............................................................................(വിദ്യാർത്ഥിയുടെ പേര്)ന് കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ചട്ടം 26(g) പ്രകാരം സമർപ്പിക്കുന്ന അപേക്ഷ പരിഗണിച്ച് സ്കോളർഷിപ്പ് അനുവദിച്ച് നൽകാവുന്നതാണെന്നും ശുപാർശ ചെയ്തുകൊള്ളുന്നു.

സ്ഥലം :
തീയതി :

(ആഫീസ് സീൽ)

ഭരണ നിയന്ത്രണ ചുമതലയുള്ള സംസ്ഥാന/ജില്ല/താലൂക്ക്
തലത്തിലെ മേലുദ്യോഗസ്ഥന്റെ ഒപ്പ്, പേര്, തസ്തിക